പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 336

15.03.2017 - ൽ മറുപടിക്ക്

# സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു<br>,, കെ. കൃഷ്ണൻകുട്ടി<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതു മേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനത്തിന്റെ സൗകര്യങ്ങൾ മൂലം, സഹകരണ സംഘങ്ങളിലെ ഇടപാടുകൾ കൊഴിഞ്ഞു പോകുന്നത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതു മേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക്സ് ട്രാൻസ്ഫർ സംവിധാനങ്ങളായ Real Time Gross Settlement(RTGS), National Eletronic Fund Transfer (NEFT) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 30 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. |
| (ബി) | സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാന സൗകര്യമൊരുക്കാൻ റിസർവ് ബാങ്കുമായി ആലോചിച്ച് കുറ്റമറ്റതായ | (ബി) | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെയാണ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നത്. പ്രാഥമിക |

| | | | |
|---|---|---|---|
| | ഒരു പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ എന്ന് വിശദമാക്കാമോ; | | വായ്പാ സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കാർഡ് നൽകുന്നതിനുവേണ്ടിയുള്ള സർക്കുലർ നിർദ്ദേശം 17/2017-ാം നമ്പരായി സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാകുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) | ഇത് സാധിച്ചില്ലെങ്കിൽ പ്രൈമറി ബാങ്കുകളിൽ ലോ കോസ്റ്റ് ഡെപ്പോസിറ്റ് ഇല്ലാത്ത അവസ്ഥ സംജാതമാകുന്നത് മൂലം ബാങ്കിന് വലിയ നഷ്ടം വരാനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | കഴിയുന്നത്ര വേഗത്തിൽ പ്രാഥമിക ബാങ്കുകളെ കോർബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. 30.03.2017 നകം പ്രാഥമിക ബാങ്കുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ സമാഹരിക്കുന്നതിനുള്ള ഊർജ്ജിതശ്രമം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

c/c